പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1310

06-03-2020-ൽ മറുപടിക്ക്

## അഗ്രോ ക്ലിനിക്കിന്റെ സേവനങ്ങൾ

**ചോദ്യം**

**ശ്രീ.പുരുഷൻ കടലുണ്ടി**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അഗ്രോ ക്ലിനിക്കിലൂടെ എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രധാന ഉദ്ദേശലക്ഷ്യം.<br>സംസ്ഥാനത്ത് 2018-19 വരെ 252 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടർന്നു വരുന്നു. ഈ സാമ്പത്തിക വർഷം 25 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ കൂടി പുതുയതായി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ, കീടരോഗബാധയുടെ തോത് ശാസ്ത്രീയമായി ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് നേരിട്ടും കൃഷി ഭവൻ മുഖേനയും നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop Pest Surveillance System (CPSS) എന്ന സേവനം കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോ ഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ പുസ്തക ശേഖരണങ്ങളുടെ ലൈബ്രറിയും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയാണ് ഓരോ ക്ലിനിക്കിനും അനുവദിക്കുന്നത്. മണ്ണിന്റെ അമ്ലത്വ പരിശോധനയും |

| | | | |
|---|---|---|---|
| | | | സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും നൽകുന്നുണ്ട്. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനും രണ്ടാഴ്ചയിലൊരിക്കൽ നൽകുന്നു. ഇതുവഴി ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിലെ കൃഷി ഭവനിൽ അഗ്രോ ക്ലിനിക് അനുവദിച്ചിട്ടുണ്ടോയെന്നറിയ്ക്കുമോ? | (ബി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ പനങ്ങാട് പഞ്ചായത്തിലും, കുരാച്ചുണ്ട് പഞ്ചായത്തിലും ഓരോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ